ഇ.9/601/ 2016

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി. 11-01-2016

# പരിപത്രം

വിഷയം : സാമൂഹ്യ. നീതി വകുപ്പ്- ഡി.പി.സി. (ഹയർ), കൂടുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന:

**2016 ലെ ഹയർ ഡി.പി.സി. കൂടുന്നതിനായി, സീനിയോറിറ്റിയുടെ ക്രമത്തിൽ ഈ വർഷം സ്ഥാനക്കയറ്റത്തിന് സാദ്ധ്യതയുള്ള ഹയർ ഡി.പി.സിയുടെ പരിധിയിൽവരുന്ന ഉദ്യോഗസ്ഥർ ഏവരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 31-01-2016 ന് മുമ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.**

2013,2014,2015 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിങ്, റിവ്യൂയിങ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തൽ വരുത്തി 31-01-2016 നുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സ്ഥാനക്കയറ്റ തസ്തികയുടെ ഫീഡർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. 2013,2014 ലെ റിപ്പോർട്ടുകൾ ഇതിനകം സമർപ്പിച്ചിട്ടുള്ളവർ 2015 ലെ റിപ്പോർട്ട് സമർപ്പിച്ചാൽ മതിയാകും. ഓരോ റിപ്പോർട്ടിനോടുമൊപ്പം സെൽഫ് അസ്സസ്സ്മെന്റ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട് എന്നത് ജീവനക്കാർ ഈ കാര്യാലയവുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്.

**ജീവനക്കാർ തങ്ങളുടെ മൊബൈൽ ഫോൺ നമ്പരുകൾ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.**

ഇക്കാര്യത്തിൽ മറ്റൊരു അറിയിപ്പ് ഉണ്ടാകില്ലെന്നും ആയതിനാൽ **31-01-2016** നുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ ഒഴിവാക്കി ഡി.പി.സി. (ഹയർ) കൂടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി.